# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3111

11/12/2014 ൽ മറുപടിയ്ക്ക്

## വടക്കഞ്ചേരിയിൽ സബ്ട്രഷറിക്കും ഫയർ ഫോഴ്സിനും ഭൂമി കൈമാറിയത് സംബന്ധിച്ച നടപടിക്രമം

ചോദ്യം

ശ്രീ.എ.കെ.ബാലൻ

മറുപടി

ശ്രീ.അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

എ) ആലത്തൂർ താലൂക്കിൽ വടക്കഞ്ചേരി പി.ഡബ്ള്യൂ.ഡി. ഗസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ നിന്നും 10 സെന്റ് ഭൂമി സബ്ട്രഷറി നിർമ്മാണത്തിന് നൽകണമെന്ന ആവശ്യം പരിഗണിച്ച് ട്രഷറി വകുപ്പിന് കൈവശാവകാശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണ് കൈവശാവകാശം കൈമാറാത്തതെന്ന് വ്യക്തമാക്കുമോ;

എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.

ബി) ആലത്തൂർ താലൂക്കിൽ വടക്കഞ്ചേരി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ കോമ്പൗണ്ടിൽ നിന്നും ഫയർ ഫോഴ്സിന് കെട്ടിടം നിർമ്മിക്കാൻ ഭൂമി നൽകിയത് നിയമാനുസൃതം കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണ് കൈമാറ്റം നടക്കാത്തതെന്ന് വ്യക്തമാക്കുമോ;

ബി) ഇല്ല. അഗ്നിരക്ഷാ വകുപ്പ് ലഭ്യമാക്കേണ്ട ഔപചാരിക രേഖകൾ ലഭ്യമാക്കാതിരുന്നതിനാലാണ് കൈമാറ്റം നടക്കാതിരുന്നത്.

സി) ഈ രണ്ട് കാര്യങ്ങൾക്കും റവന്യൂ വകുപ്പിൽ അപേക്ഷ ലഭിച്ചത് എന്നാണെന്നും ഇതുവരെയായിട്ടും നടപടി പൂർത്തിയാകാത്തത് എന്ത് കൊണ്ടാണെന്നും വ്യക്തമാക്കുമോ?

സി) ട്രഷറി വകുപ്പിന്റെ അപേക്ഷ 2/6/2005 ലും അഗ്നിരക്ഷാ വകുപ്പിന്റെ അപേക്ഷ 16.11.2009 ലുമാണ് ലഭ്യമായിട്ടുള്ളത്. അഗ്നിരക്ഷാ വകുപ്പിന്റെ ഔപചാരിക ഭൂമി കൈമാറ്റ രേഖകൾ ലഭ്യമാകാത്തതു കൊണ്ടാണ് ഇതുവരെയായിട്ടും ഭൂമി കൈമാറ്റ നടപടി പൂർത്തിയാകാത്തത്.

സെക്ഷൻ ഓഫീസർ